**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1762** **08-10-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ ഓപ്പറേറ്റ് ചെയ്യുവാൻ അനുമതിയുള്ള ഷെഡ്യൂളുകളുടെ എണ്ണം പട്ടിക തിരിച്ച് അറിയിക്കാമോ; | (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ 35 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത് ഫാസ്റ്റ് പാസഞ്ചർ - 7, ഓർഡിനറി - 28. |
| (ബി) | ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസ്സുകളുടെയും വിവിധ വിഭാഗം ജീവനക്കാരുടെയും എണ്ണം എത്രയെന്നും നിലവിലുള്ള ബസ്സുകളുടെയും ജീവനക്കാരുടെയും എണ്ണം എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസ്സുകൾ - 35 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ കണ്ടക്ടർ - 68 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ഡ്രൈവർ -68. ചാത്തന്നൂർ ഡിപ്പോയിൽ നിലവിൽ 38 (FP 15 + Ordinary 23) ബസ്സുകളാണ് ലഭ്യമായിട്ടുള്ളത്. ചാത്തന്നൂർ യൂണിറ്റിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു. ഡ്രൈവർ - 83 കണ്ടക്ടർ - 100 മെക്കാനിക്ക് – 27 മിനിസ്റ്റീരിയൽ - 13 ഇൻസ്പെക്ടർ - 5 സ്റ്റേഷൻമാസ്റ്റർ - 3 ഗാർഡ് – 8. |
| (സി) | കോവിഡ് -19 മൂലം നിർത്തിവച്ചിരുന്ന സർവീസുകളെല്ലാം പുനരാരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇനി എത്ര സർവീസുകൾ പുനരാരംഭിക്കാനുണ്ടെന്നും വിശദമാക്കാമോ? | (സി) | 2021 മാർച്ചിൽ ഇളവുകൾ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ ഓപ്പറേറ്റ് ചെയ്തിരുന്ന 35 ഷെഡ്യൂളുകളാണ് പ്രസ്തുത ഡിപ്പോയിൽ നിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്ത് വരുന്നത്. എന്നാൽ കോവിഡാനന്തരം യാത്രക്കാർ തീരെ കുറവുള്ളതിനാൽ ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭ്യമല്ലാതെ വന്നിരുന്ന സർവ്വീസുകൾ നിർത്തി വയ്ക്കേണ്ട സാഹചര്യം വന്നുചേർന്നിട്ടുണ്ട്. കോവിഡ് സാഹചര്യം പൂർണ്ണമായും അവസാനിക്കുന്ന മുറയ്ക്ക് കൂടുതൽ യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിൽ ആവശ്യമെങ്കിൽ സർവ്വീസുകൾ പുന:ക്രമീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ